₹ 5/-

# റിയൽ ലൈഫ് വോയ്സ്

## REAL LIFE VOICE

Monthly

Volume 12
Issue 3

**September 2023**

pages 24

“മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു; കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു. ജ്ഞാനിയുടെ നാവ് നല്ല പരിജ്ഞാനം പ്രസ്താവിക്കുന്നു; മൂഢന്മാരുടെ വായോ ഭോഷത്തം പൊഴിക്കുന്നു. യഹോവയുടെ കണ്ണ് എല്ലാടവും ഉണ്ട്; ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു”

**(സദൃശവാക്യങ്ങൾ 15:1–3)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

Since 2012

# REAL LIFE VOICE

Volume 12 Issue 3 September 2023 pages 24 Rs.5/

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**താത്പര്യമുള്ളവർക്ക് വരി സംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാങ്കി ലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in

**Book No. 141**

## ഉള്ളടക്കം

പേജ്

- **ബ്രോയ്‌ലർ മനുഷ്യക്കുഞ്ഞുങ്ങൾ** 3
- **പ്രതികരണങ്ങൾ** 6
- **ദൈവത്തിന്റെ വിശ്വസ്തത** (17) 7
- **റോമർ 16 ലെ ദൈവമക്കൾ** (14) 10
- **ഹബക്കൂക്** (19) 13
- **ചോദ്യവും ഉത്തരവും** (36) 16
- **ബൈനോക്കുലർ** (22) 19
- **നടൻ (ചെറുകഥ)** 21
- **റ്റാറ്റൂ** 24

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ബ്രോയ്‌ലർ മനുഷ്യക്കുഞ്ഞുങ്ങൾ

ഇറച്ചിക്കോഴികൾ ഇന്ന് എല്ലാവരുടെയും അടുക്കള കീഴടക്കിക്കളഞ്ഞു. പണ്ട് നാടൻകോഴികളെ കഴിക്കാനായിരുന്നു എല്ലാവർക്കും താത്പര്യം. പക്ഷേ പിന്നീട് ബ്രോയ്‌ലർ കോഴികൾ വിപണിയിൽ സുലഭമാവുകയും ആളുകൾക്ക് അതിന്റെ രുചി പിടിക്കുകയും ചെയ്തതോടുകൂടി കോഴിക്കച്ചവടം പൊടിപൊടിച്ചു. ചുരുങ്ങിയ നാൾകൊണ്ട് വളർത്തിയെടുക്കുന്നവയാണ് ഈ ഇറച്ചിക്കോഴികൾ അഥവാ ബ്രോയ്‌ലർ കോഴികൾ.

കൂട്ടിലടച്ചാണ് അവയെ വളർത്തുന്നത്. ആരോഗ്യത്തോടെ നടക്കാനോ ഓടാനോ ഒന്നിനും അവയ്ക്ക് കഴിവില്ല. അവയെ പിടിക്കുന്നതും കൊല്ലുന്നതും പപ്പും ചിറകും കളഞ്ഞ് തിന്നാൻ കൊള്ളാവുന്ന നിലയിൽ അതിനെ കഷണങ്ങളാക്കി മാറ്റുന്നതും എല്ലാം അത്ര തന്നെ ബുദ്ധിമുട്ടുള്ള കാര്യങ്ങളല്ല. നാടൻകോഴികളാണെങ്കിൽ ഇതെല്ലാം കുറച്ചുകൂടി ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ്. തിന്നാൻ രസമുണ്ടെന്നല്ലാതെ ബ്രോയ്‌ലർ കോഴികൾക്ക് മറ്റു പറയത്തക്ക ഗുണങ്ങളൊന്നുമില്ലത്രേ.

കോഴിക്കുഞ്ഞുങ്ങളുടെ കാര്യം വിട്ട് നമുക്ക് മനുഷ്യക്കുഞ്ഞുങ്ങളിലേക്ക് വരാം. സമൂഹത്തിലെ അപചയങ്ങളും സ്കൂൾ-കോളേജ് ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്ന തിന്മകളും നിമിത്തം പല മാതാപിതാക്കളും തങ്ങളുടെ കുഞ്ഞുങ്ങളെ സ്കൂളിലേക്ക് പഠിക്കാൻ വിടാതെ വീട്ടിലിരുത്തി അവരെ പഠിപ്പിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നുണ്ട്. വിദ്യാസമ്പന്നരായ പല മാതാപിതാക്കളും തങ്ങളുടെ മക്കൾക്ക് ഇത്തരത്തിൽ ഹോം വിദ്യാഭ്യാസം കൊടുത്ത് അവരെ വളർത്തിക്കൊണ്ടുവരുന്നുമുണ്ട്.

പത്ത്, പ്ലസ്റ്റു, ഡിഗ്രി, പീജി ഇതെല്ലാം വീട്ടിലിരുന്ന് പഠിക്കാനുള്ള അവസരം ഇപ്പോൾ നമ്മുടെ നാട്ടിലുണ്ട്. പരീക്ഷ എഴുതാൻ ഏതെങ്കിലും സ്കൂളിലേക്കോ കോളേജിലേക്കോ പോകണമെന്നു മാത്രം. പരീക്ഷകൾ ഓൺലൈൻ ആയി നടത്തുന്ന വിദേശത്തുള്ള യൂണിവേഴ്സിറ്റികളിൽ പഠിക്കാൻ ശ്രമിക്കുന്നവരുമുണ്ട്. പക്ഷേ നമ്മുടെ നാട്ടിൽ നിലവിലുള്ള സാഹ

ചര്യമനുസരിച്ച് വീട്ടിലിരുന്ന് പഠിച്ച് നേടുന്ന യോഗ്യതകൾക്ക് മൂല്യം കുറവാണ്. വിദൂരവിദ്യാഭ്യാസം എന്നാണ് ഇത് അറിയപ്പെടുന്നത്. സ്കൂളിലും കോളേജിലും ചേർന്ന് പഠിക്കുന്ന റഗുലർകോഴ്സുകളേക്കാൾ വിദൂരവിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ പഠിക്കുന്ന കോഴ്സുകൾക്ക് ജോലിസാധ്യത കുറവാണ്. മാത്രമല്ല ചിലപ്പോഴൊക്കെ വിദൂരവിദ്യാഭ്യാസത്തിലൂടെ നേടുന്ന ബിരുദങ്ങൾക്ക് അംഗീകാരമില്ലാത്ത സ്ഥിതിയുമുണ്ട്.

എന്നിട്ടും ചില മാതാപിതാക്കൾ തങ്ങളുടെ മക്കളെ വീട്ടിലിരുത്തി പഠിപ്പിക്കാൻ നോക്കുന്നതിന്റെ കാരണമെന്താണ്? തങ്ങളുടെ മക്കളെക്കുറിച്ചുള്ള വേവലാധി തന്നെ കാരണം. തങ്ങളുടെ മക്കൾ ലഹരിയുടെ പിടിയിൽ പെട്ടുപോകുമോ എന്ന ഭയം, പ്രേമക്കുരുക്കിൽ പെട്ടുപോകുമോ എന്ന ഭയം, തെറ്റായ കൂട്ടുകെട്ടിൽ പെട്ടുപോകുമോ എന്ന ഭയം, അവർ ആരുടെയെങ്കിലും ചൂഷണത്തിന് ഇരയാകുമോ എന്ന ഭയം, സംഘം ചേർന്ന് ആക്രമിക്കപ്പെടുമോ എന്ന ഭയം, റാഗിംങ് പോലുള്ള കാര്യങ്ങൾ ഉണ്ടാകുമോ എന്ന ഭയം എന്നിങ്ങനെ തങ്ങളുടെ മക്കളെക്കുറിച്ചുള്ള വാത്സല്യവും സ്നേഹവും നിമിത്തമുണ്ടാകുന്ന ഉത്കണ്ഠയും വേവലാധിയും നിമിത്തമാണ് പലരും തങ്ങളുടെ മക്കളെ സ്കൂളിലും കോളേജിലും വിടാൻ മടിക്കുന്നത്.

സഹപാഠികളുമായുള്ള സമ്പർക്കം മൂലം തങ്ങളുടെ മക്കൾ നശിച്ചുപോകാനുള്ള സാധ്യതയെ ഇല്ലാതാക്കുക എന്നതു തന്നെയാണ് പ്രധാനമായ കാര്യം. ഓരോ ദിവസത്തെയും പത്രവാർത്തകൾ മാതാപിതാക്കളുടെ നെഞ്ചിടിപ്പ് വർദ്ധിപ്പിക്കുന്നവയുമാണല്ലോ. സ്കൂളിലേക്കുള്ള യാത്രാമദ്ധ്യേ വരാവുന്ന അപകടങ്ങളെക്കുറിച്ചും പട്ടി, പാമ്പ്, പശു മുതലായവ നിമിത്തമുണ്ടാകുന്ന ആപത്തുകളെക്കുറിച്ചും കൂടി ചില മാതാപിതാക്കൾ ഉത്കണ്ഠാകുലരാണത്രേ. ഭക്തിക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ചിന്തിക്കുന്നവരാണ് ഭൂരിഭാഗവും. വിശ്വാസികളായ മാതാപിതാക്കളുടെ മക്കളായ പല സ്കൂൾ-കോളേജ് വിദ്യാർത്ഥികളും വിശ്വാസം വിട്ട്, ദൈവസഭയെയും വിട്ട് തോന്നിയപോലെ നടക്കുന്നത് ശ്രദ്ധയിൽ പെടുന്ന ഏതു മാതാപിതാക്കൾക്കും ഇത്തരമൊരു ഭീതി ഉണ്ടാവുക സ്വാഭാവികമാണ്.

പക്ഷേ വീടിന്റെ അകത്തു അടച്ചുപൂട്ടി ഇരുന്നാലും അപകടങ്ങളും ആപത്തുകളും സംഭവിക്കാം എന്ന കാര്യം മാതാപിതാക്കൾ മറന്നുപോകരുത്. ദൈവത്തിന്റെ കരുതലാണ് മുഖ്യം. ദൈവമറിയാതെ നമ്മുടെ ജീവിതത്തിൽ യാതൊന്നും സംഭവിക്കുകയില്ല എന്ന വിശ്വാസമാണ് നമുക്കുണ്ടായിരിക്കേണ്ടത്. അവനിൽ ശരണം പ്രാപിക്കുന്നവരാരും ലജ്ജിക്കേണ്ടി വരികയില്ല. ആപത്തുകളെയും അപകടങ്ങളെയും പേടിച്ച് മക്കളെ സമൂഹത്തിലേക്ക് ഇറക്കിവിടാൻ മടിക്കുന്നവർ കാണിക്കുന്നത് എലിയെ പേടിച്ച് ഇല്ലം ചുട്ടുകളഞ്ഞവർ കാണിച്ച അതേ മനോഭാവം തന്നെയല്ലേ?

നമ്മുടെ കുട്ടികൾ സ്കൂളിലും കോളേജിലുമൊക്കെ പോയി പഠിക്കട്ടെ എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. മാതാപിതാക്കളുടെ ശ്രദ്ധ എപ്പോഴും കൂടെയുണ്ടാകണമെന്നു മാത്രം. മക്കളെ മാതാപിതാക്കളിൽ നിന്ന് അകന്ന നിലയിൽ വിദേശത്തോ മറ്റു സ്ഥലങ്ങളിലോ പഠിക്കാൻ അയയ്ക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല. ഞാൻ എന്റെ അഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ. യോജിക്കുന്നവർക്ക് യോജിക്കാം. അല്ലാത്തവർക്ക് വിയോജിക്കാം. മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ നിന്നകന്ന് ജീവിക്കുന്ന കുട്ടികൾ വഴിതെറ്റുന്നതിനുള്ള സാധ്യത കൂടുതലാണെന്നു പലരുടെയും അനുഭവത്തിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് കുട്ടികൾ മാതാപിതാക്കളോടൊപ്പം വളരട്ടെ എന്നാണ് എന്റെ അഭിപ്രായം.

സ്കൂളിലും കോളേജിലുമൊക്കെ പോയി പഠിക്കുന്നതുകൊണ്ട് കുട്ടികളുടെ ധാർമ്മികവും ആത്മികവുമായ നിലവാരം തകർന്നുതരിപ്പണമാകുന്നു എന്ന് ചില മാതാപിതാക്കൾ ഭയപ്പെടുന്നതിൽ കാര്യമില്ലാതില്ല. പക്ഷേ എന്തു ചെയ്യാം? നമ്മുടെ കുട്ടികൾ പലതരം കുട്ടികളുമായി ഇടപഴകി ജീവിക്കേണ്ടത് ആവശ്യമാണ്. മനുഷ്യനെ ഒരു സമൂഹജീവി എന്ന നിലയിൽ ദൈവം സൃഷ്ടിച്ചിരിക്കുന്നതുകൊണ്ട് സമൂഹവുമായി ഇടപഴകി തന്നെ നമ്മുടെ മക്കൾ ജീവിക്കേണ്ടതുണ്ട്. സ്കൂളിലും കോളേജിലും പോയി, പല അനുഭവങ്ങളിലൂടെ കടന്നുപോയി, പലതരം വ്യക്തികളെ കണ്ട് ശീലിച്ച്, കരഞ്ഞും ചിരിച്ചും ചോദിച്ചും ഉത്തരം പറഞ്ഞുമെല്ലാം അവർ ജീവിക്കണം.

അങ്ങനെയുള്ള ഒരു ജീവിതക്രമത്തിലൂടെ അവരുടെ വ്യക്തിത്വം രൂപപ്പെടണം. സമൂഹത്തിലെ തിന്മകളും നന്മകളും നിറഞ്ഞ വഴികളിലൂടെ അവർ കടന്നുപോകുമ്പോൾ അത് അവരുടെ സ്വഭാവരൂപീകരണത്തിൽ നിർണ്ണായകമായ പങ്കു വഹിക്കും. അതുകൊണ്ട് മക്കളെ സ്കൂളിൽ വിടാതെ വീട്ടിലിരുത്തി പഠിപ്പിക്കുന്നത് ഗുണത്തേക്കാൾ ദോഷമേ ചെയ്യൂ. സമൂഹത്തിലെ വ്യത്യസ്തരായ ആളുകളുമായി ഇടപഴകാതെ ജീവിച്ചാൽ അങ്ങനെയുള്ളവർക്ക് സമൂഹത്തിൽനിന്നുണ്ടാകുന്ന തിരിച്ചടികളെ അഭിമുഖീകരിക്കാൻ കഴിയാതെ പോകും. ബ്രോയ്‌ലർ കോഴികളെ ആർക്കും പെട്ടെന്നു പിടിക്കാൻ കഴിയും. ശത്രുവിന്റെ കയ്യിൽനിന്ന് അവയ്ക്ക് രക്ഷപ്പെടാനുള്ള പ്രാപ്തിയില്ല. ആ അനുഭവമായിരിക്കും സ്കൂളിൽ പോകാത്ത കുഞ്ഞുങ്ങൾക്ക് ഉണ്ടാകുന്നത്. ഒരു പ്രശ്നത്തെ നേരിടാൻ അവർക്ക് കഴിയാതെ പോകും.

നമ്മുടെ മക്കൾ വളർന്ന് വലുതായി വിദ്യാസമ്പന്നരായിത്തീർന്നതിനു ശേഷം ഈ സമൂഹത്തിൽ ജോലി ചെയ്യേണ്ടവരാണ്. അതുകൊണ്ട് സമൂഹവുമായി ഇടപഴകി ജീവിക്കുന്നതാണ് അവർക്ക് നല്ലത്. **(എംവിഎസ്)**

# പ്രതികരണങ്ങൾ

നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.

ഫോൺ: 95 44 557 557

**Jose K A, Changampuzha Nagar, Kochi**

*സ്വന്തം വീട്ടിന് ലജ്ജ വരുത്തുന്ന കാര്യങ്ങൾ...* ഹബക്കൂകിന്റെ പുസ്തകത്തിന്റെ വിശദീകരണം കാലികപ്രാധാന്യം ഉള്ളതായി തോന്നി. ആളുകൾക്ക് മാനസാന്തരം നൽകുന്ന ലേഖനങ്ങൾക്ക് നന്ദി. അധികമധികം നന്മ നൽകി ദൈവം ഈ പ്രസ്ഥാനത്തെ നിലനിർത്തട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## റിയൽ ലൈഫ് വോയ്സ്ഃ ലക്ഷ്യവും നയവും

**ലക്ഷ്യം** ഃ സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനവും വചനപഠനവും.

**നയം** ഃ ഞങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ഞങ്ങൾ എഴുതുന്നു. വായനക്കാർക്ക് അവ പരിശോധിച്ച്, യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. ഞങ്ങൾക്ക് വായനക്കാരുമായുള്ള സ്നേഹബന്ധവും അടുപ്പവും മാസികയിലെ ലേഖനങ്ങളിലെ ആശയങ്ങളുമായി കൂട്ടിക്കുഴയ്ക്കരുത്. സ്നേഹബന്ധം വേറെ; ലേഖനങ്ങളിലെ ആശയങ്ങൾ വേറെ! ലേഖനങ്ങളിലെ ആശയങ്ങളോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ പോലും, സ്നേഹബന്ധം നിലനിൽക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം.

**(എഡിറ്റർ)**

**Visit our website: www.reallifevoice.in**

**വായിക്കുക (മലയാളത്തിൽ/ഇംഗ്ലീഷിൽ)**

വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?

Faith and Baptism: How Was It Taught and Practiced in the First Century?

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

**സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം**

17

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

### അവസാനത്തെ കുതിപ്പ്

തന്റെ പ്രിയതമയുടെ മരണം കുര്യനെ വല്ലാതെ ദുഃഖിപ്പിച്ചു. എന്നിരുന്നാലും ദുഃഖത്താൽ തളർന്നുപോകാൻ അദ്ദേഹം ഒരുക്കമായിരുന്നില്ല. In Memoriam എന്ന കവിത എഴുതിക്കൊണ്ട് സ്വന്ത ദുഃഖം അദ്ദേഹം പ്രകടമാക്കി. അദ്ദേഹത്തിന്റെ പ്രിയപ്പെട്ടവൾ എത്ര സ്നേഹസമ്പന്നയായ ഭാര്യയായിരുന്നുവെന്നും, എത്ര കരുതലുള്ള അമ്മയായിരുന്നുവെന്നും, കൂട്ടുസഹോദരങ്ങൾക്ക് എത്ര സ്നേഹനിധിയായ സഹോദരിയായിരുന്നുവെന്നും ആ കവിതയിൽ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

ഈ കവിത പൂർത്തിയായതിനുശേഷം അദ്ദേഹം 'യീശു ചരിത മാനസ്' എന്ന മഹാകാവ്യത്തിന്റെ രചന ആരംഭിച്ചു. ഈ മഹാകാവ്യത്തിന് ഒമ്പത് ഭാഗങ്ങളുണ്ട്. ഈ കാവ്യത്തിൽ യേശുവിന്റെ ഭൗമികജീവിതത്തിന്റെ വിവരണം മാത്രമല്ല, എഴുത്തുകാരനെ സ്വദേശം വിട്ടുവന്ന് കർത്താവിനെ സേവിപ്പാൻ പ്രേരിപ്പിച്ച കാര്യങ്ങളും വിവരിക്കുന്നുണ്ട്. ലക്ഷ്യത്തെ മാത്രം നോക്കി, തടസ്സങ്ങളെ അതിജീവിച്ച് മുന്നേറാൻ അദ്ദേഹത്തിന് ഇടയായതെങ്ങനെയെന്ന് ഈ കാവ്യം വ്യക്തമാക്കുന്നുണ്ട്.

**വയലിൽ ഏകനായി**

ഭാര്യയുടെ വേർപാട് അദ്ദേഹത്തെ വളരെയധികം തളർത്താൻ മതിയായതായിരുന്നു. പക്ഷേ അദ്ദേഹം ആത്മാവിൽ കരുത്തനും സന്തോഷവാനും ആയിരുന്നു. അദ്ദേഹത്തിന്റെ മക്കളെല്ലാം ജോലിയോടുള്ള ബന്ധത്തിൽ സാഗറിൽനിന്നും വളരെയധികം ദൂരെയായിരുന്നതിനാൽ അവർക്കാർക്കും സുവിശേഷവേലയിൽ അദ്ദേഹത്തെ നേരിട്ട് സഹായിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അദ്ദേഹം ഞായറാഴ്ചയോഗങ്ങളിൽ സംബന്ധിച്ചിരുന്ന ചില സഹോദരന്മാരുടെ സഹായത്താൽ തന്റെ വേല തുടർന്നു. ദൈവം അനുവദിക്കുന്ന കാലത്തോളം ഈ ശുശ്രൂഷ താൻ തുടരുമെന്നും ദൈവം തന്നെ കരുതിക്കൊള്ളുമെന്നും അദ്ദേഹം മക്കളെ അറിയിച്ചു.

**നരേന്ദ്രകുമാറിന്റെ ഏറ്റുപറച്ചിൽ**

സാഗറിലെ ഒരു ഗ്രാമത്തിലെ താമസക്കാരനായ നരേന്ദ്രകുമാർ എന്ന യുവാവ് പശ്ചിമബംഗാളിലേക്ക് പോകാനായി റെയിൽവേസ്റ്റേഷനിലേക്ക് പോവുകയായിരുന്നു. അവന്റെ ഭാര്യ ദുരാത്മാക്കളുടെ പിടിയിലായിരുന്നു. പശ്ചിമബംഗാളിലെ മന്ത്രവാദികൾ തന്റെ ഗ്രാമത്തിലുള്ള മന്ത്രവാദികളേക്കാൾ മിടുക്കരാണെന്ന് അവൻ കേട്ടിരുന്നു. തന്റെ ഭാര്യയെ പിടികൂടിയിരിക്കുന്ന ദുരാത്മാക്കളെ തുരത്തുന്നതിൽ ബംഗാളിലെ മന്ത്രവാദികൾ വിജയിക്കുമെന്നു അവൻ കരുതി. തന്റെ ഗ്രാമത്തിലെ മന്ത്രവാദികൾ പരാജയപ്പെട്ടിടത്ത്, അവർ വിജയിക്കുമെന്ന് അവൻ പ്രതീക്ഷിച്ചു.

റെയിൽവേസ്റ്റേഷനിലേക്ക് പോകവേ നരേന്ദ്രകുമാർ ഒരു കാര്യം കാണുവാനിടയായി. മാലിന്യങ്ങൾ ശേഖരിക്കാനായി വച്ചിരുന്ന തൊട്ടിയിൽനിന്ന് ഒരു കഷണം പ്രിന്റഡ് പേപ്പർ പുറത്തേക്ക് തള്ളിനിൽക്കുന്നു. ആകാംക്ഷ തോന്നിയതുകൊണ്ട് അവൻ ആ ചവറ്റുകൊട്ടയിൽനിന്ന് ആ കടലാസ്കഷണം എടുത്തുനോക്കി. അത് ഹിന്ദിയിലുള്ള ഒരു ലഘുലേഖയായിരുന്നു. അതിന്റെ തലക്കെട്ട് *അമർവാണി* (നിത്യജീവന്റെ സന്ദേശം) എന്നായിരുന്നു. ആ ലഘുലേഖയുടെ ചുവട്ടിൽ അഡ്രസ്സ് കൊടുത്തിരുന്നത് ഇപ്രകാരമായിരുന്നു: *റ്റി. എ. കുര്യൻ, ബൈബിൾ ഭവൻ, സാഗർ.*

അവിടെ നിന്നുകൊണ്ട് ആ ലഘുലേഖ അവൻ വായിച്ചു. അവന്റെ മനസ്സിൽ ഒരുതരം പ്രകാശം പരക്കുന്നതുപോലെ അവനു തോന്നി. പശ്ചിമബംഗാളിലേക്ക് പോകാനുള്ള തീരുമാനം അവൻ വേണ്ടെന്നു വച്ചു. ബൈബിൾ ഭവൻ കണ്ടുപിടിക്കാനും ആ ലഘുലേഖയുടെ എഴുത്തുകാരനെ കാണാനും അവൻ തീരുമാനിച്ചു. അങ്ങനെ റ്റി. എ. കുര്യന്റെ അടുക്കൽ അവൻ എത്തുവാനിടയായി. ഈ കൂടിക്കാഴ്ച നരേന്ദ്രകുമാറിന്റെയും അവന്റെ ഭാര്യയുടെയും ആ ഗ്രാമത്തിലെ മറ്റു പലരുടെയും ജീവിതത്തിലെ വലിയ വഴിത്തിരിവായിരുന്നു.

നിശ്ചയദാർഢ്യത്തോടും ഊർജ്ജസ്വലതയോടുംകൂടി തന്റെ വേല കുര്യൻ തുടരണമെന്ന് തുടർന്നുള്ള സംഭവങ്ങൾ തെളിയിച്ചു. ശാരീരിക ശക്തി ക്ഷയിച്ചുകൊണ്ടിരിക്കയാണെങ്കിലും സ്വർഗ്ഗീയഭവനത്തിലേക്കുള്ള വിളി വരുന്നതുവരെ താൻ വേല തുടരണമെന്നു അദ്ദേഹത്തിനു ഉറപ്പുണ്ടായിരുന്നു. ആ ഗ്രാമത്തിലെ നിരക്ഷരരായ ആളുകൾക്കുവേണ്ടി ഒരു സാക്ഷരതാപ്രവർത്തനം തുടങ്ങാൻ കുര്യൻ തീരുമാനമെടുത്തത് നരേന്ദ്രകുമാറിന്റെ ഏറ്റുപറച്ചിലിനെത്തുടർന്നാണ്. ആ സ്ഥലത്തുള്ള അനേകം ആളുകൾ ദൈവവചനം വ്യക്തമായി വായിക്കാനും മനസ്സിലാക്കാനും അവരുടെ ഹൃദയങ്ങളിൽ സുവിശേഷത്തിന്റെ അത്ഭുതപ്രകാശം പരക്കാനും ഇതു മൂലം ഇടയായി.

**അപ്രതീക്ഷിത തിരിച്ചടി**

തന്റെ വേലയിൽ ഉത്സാഹത്തോടെ കുര്യൻ തുടർന്നുകൊണ്ടിരിക്കുമ്പോഴാണ് അപ്രതീക്ഷിതമായി ഒരു തിരിച്ചടി അദ്ദേഹത്തിന് നേരിടേണ്ടിവന്നത്. ബൈബിൾ ഭവൻ എന്ന വലിയ കെട്ടിടം അദ്ദേഹം പണിതത് സാഗറിലെ മിഷനറി പ്രവർത്തനങ്ങളുടെ കേന്ദ്രമായി അത് നിലകൊള്ളാനും അദ്ദേഹം സാഗറിൽനിന്നു വിട്ടുപോന്നാലും ദൈവവചനത്തിന്റെ വെളിച്ചം തുടർന്നും അവിടെ വ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനും വേണ്ടിയാണ്. ഈ കെട്ടിടത്തിൽ വലിയൊരു ഹാളും നല്ലൊരു ലൈബ്രറിയും സുവിശേഷപ്രതികൾ ധാരാളം സൂക്ഷിക്കുന്നതിനുള്ള സ്ഥലവും ഉണ്ടായിരുന്നു.

ഒരു ദിവസം സിഎൻഐ സഭയിലെ ഒരു യുവാവ് കുര്യനെ സമീപിച്ച് അദ്ദേഹത്തെയും കുടുംബത്തെയും സഭയിലെ അംഗങ്ങളായി സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചു. കുര്യന്റെ പഠിപ്പിക്കലുകൾ വചനപ്രകാരമുള്ളതാണെന്നു അവർക്കു തോന്നിയത്രേ. അങ്ങനെ അവരെ കുര്യൻ സഭയിലേക്ക് പ്രവേശിപ്പിച്ചു. അവർ സഭായോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുകയും കുര്യനെ വേലയിൽ സഹായിക്കുകയും ചെയ്തു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആ യുവാവ് സാമ്പത്തികബുദ്ധിമുട്ട് കാരണം തന്റെ വാടകവീട് ഒഴിയേണ്ടിവന്നുവെന്നും അന്തിയുറങ്ങാൻ വേറെ സ്ഥലമില്ലെന്നും കുര്യനെ അറിയിച്ചു. അവരുടെ അവസ്ഥയിൽ അലിവു തോന്നിയ കുര്യൻ ബൈബിൾ ഭവന്റെ ഒരു ഭാഗം അവർക്കു താമസിക്കാനായി അനുവദിച്ചു.

ബൈബിൾ ഭവന്റെ താക്കോൽ കയ്യിൽ കിട്ടി അധികം വൈകാതെ ആ യുവാവിന്റെ സ്വഭാവത്തിൽ പ്രകടമായ മാറ്റമുണ്ടായി. താനാണ് ബൈബിൾ ഭവന്റെ യഥാർത്ഥ ഉടമസ്ഥൻ എന്ന പോലെ അയാൾ പെരുമാറാൻ തുടങ്ങി. സ്ഥലം ഒഴിഞ്ഞുതരാൻ കുര്യൻ ആവശ്യപ്പെട്ടപ്പോൾ അയാൾ അതിനു തയ്യാറായില്ല. ആദ്യമൊക്കെ കുര്യൻ അവിടെ യോഗങ്ങൾ നടത്തുന്നതിനെ അയാൾ എതിർത്തില്ലെങ്കിലും പിന്നീട് കുര്യനു തന്നെ അവിടെ യോഗങ്ങൾ നടത്തുന്നത് അസൗകര്യമായി തോന്നി. സ്വന്തം വീട്ടിൽ സഭായോഗം നടത്തുവാൻ അദ്ദേഹം തീരുമാനിച്ചു.

ആ യുവാവ് തന്നെ ചതിക്കുകയായിരുന്നുവെന്ന സത്യം തിരിച്ചറിഞ്ഞുകൊണ്ട് കുര്യൻ വളരെ വേദനയോടെ ബൈബിൾ ഭവന്റെ പടിയിറങ്ങി. സാഗറിലെ സുവിശേഷപ്രവർത്തനങ്ങളുടെ കേന്ദ്രമായി എന്നും നിലകൊള്ളണം എന്ന അതിയായ ആഗ്രഹത്തോടെ പടുത്തുയർത്തിയ ആ കെട്ടിടത്തിൽനിന്ന് എന്നന്നേക്കുമായി പടിയിറങ്ങുമ്പോൾ അദ്ദേഹത്തിന് കടുത്ത നിരാശാബോധം അനുഭവപ്പെട്ടിരുന്നു.

**(തുടരും)**

# റോമർ 16–ാം അദ്ധ്യായത്തിലെ ദൈവമക്കൾ

14

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

റോമർക്കെഴുതിയ ലേഖനത്തിൽ 16–ാം അദ്ധ്യായത്തിൽ 15 വരെയുള്ള വാക്യങ്ങളിൽ റോമാസഭയിലുള്ളവർക്ക് അപ്പൊസ്തലനായ പൗലൊസ് വന്ദനം അറിയിക്കുകയായിരുന്നു. സഹോദരന്മാരും സഹോദരിമാരും എന്ന വ്യത്യാസമില്ലാതെ സഭയ്ക്ക് പ്രയോജനകരമായ നിലയിൽ ജീവിക്കുന്ന എല്ലാവർക്കും അദ്ദേഹം വന്ദനം അറിയിച്ചു. അതിനുശേഷം 17 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ ദുരുപദേശക്കാരെക്കുറിച്ചുള്ള മുന്നറിയിപ്പാണ് അദ്ദേഹം കൊടുത്തത്. 21 മുതലുള്ള വാക്യങ്ങളിൽ വന്ദനം അറിയിക്കുന്നത് തുടരുന്നു.

**കൂടെയുള്ളവരുടെ വന്ദനം**

15–ാം വാക്യം വരെ സ്വന്തം വന്ദനമാണ് പൗലൊസ് അറിയിച്ചത്. എന്നാൽ 21–ാം വാക്യം മുതൽ കൂടെയുള്ളവരുടെ വന്ദനമാണ് അറിയിക്കുന്നത്. പൗലൊസ് ഒറ്റയ്ക്കായിരുന്നില്ല. ഒപ്പം പ്രവർത്തിക്കാൻ പല സഹോദരന്മാരുമുണ്ടായിരുന്നു. അങ്ങനെ കൂട്ടായ പ്രവർത്തനങ്ങൾ നിമിത്തമാണ് സഭകൾ അക്കാലത്ത് പെരുകിയത്. ഏതെങ്കിലും വ്യക്തിയുടെ വ്യക്തിപ്രഭാവത്തിന്റെ അടിസ്ഥാനത്തിലല്ല, സഹോദരവർഗ്ഗം ഒരുമിച്ചു നിന്നു സുവിശേഷവയലിൽ അദ്ധ്വാനിക്കുന്നതിന്റെ അടിസ്ഥാനത്തിലാവണം സഭയുടെ വളർച്ച. കൂടെയുള്ളവരെ മാനിക്കുന്ന പൗലൊസ് അവരുടെയുംകൂടി വന്ദനം ഈ ലേഖനത്തിൽ അറിയിക്കുകയാണ്.

*“എന്റെ കൂട്ടുവേലക്കാരനായ തിമൊഥെയൊസും എന്റെ ചാർച്ചക്കാരായ ലൂക്യൊസും യാസോനും സോസിപത്രോസും നിങ്ങളെ വന്ദനം ചെയ്യുന്നു” (റോമർ 16:21).*

**1. തിമൊഥെയൊസ്**

തന്റെ കൂടെയുള്ളവരിൽ പൗലൊസ് ആദ്യമായി പറയുന്നത് തിമൊഥെയൊസിന്റെ പേരാണ്. അതായത്, തിമൊഥെയൊസിന്റെ വന്ദനമാണ് ആദ്യ

മായി അറിയിക്കുന്നത്. കൂട്ടുവേലക്കാരൻ എന്നാണ് പൗലൊസ് അവനെ വിശേഷിപ്പിക്കുന്നത്. ക്രിസ്തുവിന്റെ തോട്ടത്തിലെ തൊഴിലാളികളാണ് രണ്ടു പേരും. അതുകൊണ്ട് പൗലൊസ് തിമൊഥെയൊസിനെ സഹതൊഴിലാളി (കൂട്ടുവേലക്കാരൻ) എന്നു വിളിക്കുവാൻ മടിക്കുന്നില്ല.

ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ തോട്ടത്തിലെ തൊഴിലാളികളാണ്. അവിടെ എന്തു ജോലിയാണ് നാം ചെയ്യുന്നത് എന്നു ഓരോരുത്തരും ചിന്തിക്കുക. താങ്കൾക്കു ചെയ്യാൻ തോട്ടത്തിൽ യാതൊരു ജോലിയുമില്ലേ? എങ്കിൽ താങ്കൾ ക്രിസ്തുവിന്റെ തോട്ടത്തിൽ തന്നെയാണോ നിൽക്കുന്നത് എന്നു സ്വയം പരിശോധിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ തോട്ടത്തിൽ ഉള്ള എല്ലാ തൊഴിലാളികൾക്കും ജോലിയുണ്ടായിരിക്കും. ആ ജോലി ചിലപ്പോൾ നടുന്നതോ നനയ്ക്കുന്നതോ ആകാം (1 കൊരി.3:6); മറ്റു ചിലപ്പോൾ തോട്ടം സംരക്ഷിക്കുന്നതിനുള്ള പോരാട്ടമാകാം (2 തിമൊ. 2:3,4).

റോമാസഭയെ വന്ദനം ചെയ്യുന്ന തിമൊഥെയൊസ് ഒരു യുവാവ് ആയിരുന്നു (1 തിമൊ.4:12). അവന്റെ അമ്മ ഒരു യെഹൂദ്യസ്ത്രീ ആയിരുന്നുവെങ്കിലും അപ്പൻ യവനൻ ആയിരുന്നു (അപ്പൊ. പ്രവൃ.16:1–3). അവന്റെ അമ്മയും അമ്മയുടെ അമ്മയും വിശ്വാസത്തിൽ സമ്പന്നരായിരുന്നു (2 തിമൊ.1:5). ഈ കുടുംബത്തിലേക്ക് ഒരു യവനൻ എങ്ങനെ കയറിവന്നു എന്നറിഞ്ഞുകൂടാ. തിമൊഥെയൊസിന്റെ അമ്മ ഏതെങ്കിലും ദുർബലനിമിഷത്തിൽ വല്ല പ്രണയക്കുരുക്കിലും പെട്ടതാകാം. ആ ബന്ധത്തിലുണ്ടായ കുഞ്ഞ്, അതായത് തിമൊഥെയൊസ്, ബാല്യം മുതൽ തിരുവെഴുത്ത് പഠിച്ചിരുന്നു എങ്കിലും (2 തിമൊ.3:4), പരിച്ഛേദന ഏറ്റിരുന്നില്ല (അപ്പൊ. പ്രവൃ.16:3). അവൻ യെഹൂദനായല്ല വളർന്നത് എന്നു സാരം.

അപ്പൻ യവനൻ ആയതുനിമിത്തം ആ നിലയിൽ തിമൊഥെയൊസിനു നാട്ടിൽ ഒരു പേരുദോഷം ഉണ്ടായിരുന്നു. ജാതികളിൽനിന്ന് (യവനന്മാരിൽ നിന്ന്) വിവാഹം കഴിക്കാൻ യെഹൂദന് അനുവാദമില്ല. ദൈവഹിതത്തിനും ദൈവവചനത്തിനും വിപരീതമായ കൂട്ടുകെട്ടിന്റെ അനന്തരഫലമാണ് തിമൊഥെയൊസിന്റെ ജനനം. അവൻ അത്രയും കാലം പരിച്ഛേദന ഏൽക്കാൻ തയ്യാറാകാതിരുന്നത്, ഒരു പക്ഷേ അവന്റെ അപ്പന്റെ വീട്ടുകാരുടെ സ്വാധീനം കൊണ്ടായിരിക്കാം. ദൈവവചനം പഠിക്കുകയും അതേ സമയം ജാതികളെപ്പോലെ ജീവിക്കുകയും ചെയ്ത യുവാവാണ് തിമൊഥെയൊസ്. ആ യുവാവാണ് ഇപ്പോൾ പൗലൊസിനോടു തോൾ ചേർന്നു നിന്ന് റോമാസഭയെ വന്ദനം അറിയിക്കുന്നത്! ദൈവത്തിന്റെ കൃപ. അല്ലാതെന്തു പറയാൻ!

ക്രിസ്ത്യാനിയായി ദൈവസഭയിൽ തിളങ്ങിശോഭിച്ചവനെങ്കിലും തിമൊഥെയൊസിന്റെ ജീവിതം അത്ര തന്നെ സുഖകരമായിരുന്നില്ല. അവന്റെ കണ്ണു

നീർ പൗലൊസ് ഓർക്കുന്നതായി 2 തിമൊ. 1:3 ൽ രേഖപ്പെടുത്തിയിരിക്കുന്നു. കണ്ണുനീർ കവിളിലൂടെ ഒഴുകിയതിന്റെ പാടുമായി ശുശ്രൂഷിക്കുന്ന ഒരു യുവാവ്! അദ്ദേഹത്തെ അങ്ങനെ വിശേഷിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തിമൊഥെയൊസിന്റെ വയറിനു തീരെ സുഖമില്ലായിരുന്നുവെന്നും അവന് കൂടക്കൂടെ ക്ഷീണം ഉണ്ടായിരുന്നുവെന്നും നാം വായിക്കുന്നുണ്ട് (1 തിമൊ. 5:23). പ്രിയ വായനക്കാരാ, ദയവായി ഇക്കാര്യം ശ്രദ്ധിക്കുക: തിമൊഥെയൊസിന് നല്ലൊരു കുടുംബപശ്ചാത്തലം ഇല്ലായിരുന്നു. അവന് കണ്ണുനീർ ഉണ്ടായിരുന്നു. അവന് രോഗമുണ്ടായിരുന്നു. ഇതൊക്കെയാണെങ്കിലും അവൻ കർത്താവിനുവേണ്ടി നിലനിന്നു!

വിശ്വാസികൾക്ക് മാതൃകയായിരിക്കണം എന്നു പൗലൊസ് അവനെ ഉദ്ബോധിപ്പിക്കുന്നുണ്ട് (1 തിമൊ.4:12). അവന്റെ പ്രായം, പാപത്തിൽ എളുപ്പത്തിൽ ചെന്നു ചാടാവുന്ന വിധമുള്ളതായിരുന്നു. അവൻ യുവാവായിരുന്നുവല്ലോ. അവന്റെ യൗവനം ആരും തുച്ഛീകരിക്കാൻ ഇടവരരുത് എന്നും, ചെറുപ്പം സ്ത്രീകളെ പൂർണ്ണനിർമ്മലതയോടെ വേണം പ്രബോധിപ്പിക്കേണ്ടത് എന്നും പൗലൊസ് അവനെ ഓർമ്മിപ്പിക്കുന്നുണ്ട് (1 തിമൊ. 5:2). അപകടം പിടിച്ച ഒരു പ്രായമായിരുന്നു തിമൊഥെയൊസിന്റേത്. പക്ഷേ അവൻ വിശ്വസ്തനായിരുന്നു. യാതൊരു പേരുദോഷവും കേൾപ്പിച്ചില്ല. റോമാസഭയെ അവൻ തന്റെ വന്ദനം അഭിമാനത്തോടെയാണ് അറിയിക്കുന്നത്.

എബ്രായർ 13:23 ആണ് തിമൊഥെയൊസിനെക്കുറിച്ചുള്ള വേദപുസ്തകത്തിലെ അവസാനവാക്യം. ദൈവസഭയിൽ സജീവമായ നിലയിൽ നിലനിന്ന തിമൊഥെയൊസിന്റെ ഭക്തിക്കും വിശ്വസ്തതയ്ക്കും ഉള്ള ഒരു സർട്ടിഫിക്കറ്റ് ആണ് ആ വാക്യം. അതിപ്രകാരമാണ്: "സഹോദരനായ തിമൊഥെയൊസ് തടവിൽനിന്ന് ഇറങ്ങി എന്നു അറിവിൻ". അവന്റെ അത്ര തന്നെ നല്ലതല്ലാത്ത കുടുംബപശ്ചാത്തലം, അവന്റെ അപകടം പിടിച്ച പ്രായം, രോഗം, കണ്ണുനീർ... ഇതെല്ലാമുണ്ടായിരുന്നിട്ടും ആ യുവാവ് ദൈവസഭയിൽ ഒരു പോരാളിയായി ഉറച്ചുനിന്നു.

ഇന്നത്തെ ദൈവസഭകളിലെ യുവാക്കൾ തിമൊഥെയൊസിനെ മാതൃകയാക്കട്ടെ. യുവത്വത്തിന്റെ ചാപല്യങ്ങളുമായി ലോകത്തിന്റെ ഇമ്പത്തിന് അനുസരിച്ച് മദിക്കുന്നവർ തിമൊഥെയൊസിനെ ഓർക്കുകയും അനുകരിക്കുകയും ചെയ്യട്ടെ.

**(തുടരും)**

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക**
**മാസിക അതിൽ നേരത്തേ ലഭിക്കും**

# ഹബക്കൂക് (പുസ്തകപഠനം)

19

**-എംവിഎസ്-**

**ഹബക്കൂക് 2:13**

*ജാതികൾ തീക്ക് ഇരയാകുവാൻ അധ്വാനിക്കുന്നതും വംശങ്ങൾ വെറുതേ തളർന്നുപോകുന്നതും സൈന്യങ്ങളുടെ യഹോവയുടെ ഹിത ത്താൽ അല്ലയോ?*

**1. ദൈവം സർവ്വശക്തനാണ്**

എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് ദൈവമാണ്. നല്ലതായാലും ചീത്തയായാലും ദൈവം അനുവദിച്ചെങ്കിലേ സംഭവിക്കൂ. ഇയ്യോബിന് കഷ്ടത കൊടുത്തത് ദൈവമല്ല, പക്ഷേ ദൈവം അത് അനുവദിച്ചിരുന്നു. ദൈവത്തിന്റെ അനുവാദമില്ലാതെ അത് സാധ്യമാവുമായിരുന്നില്ല.

നമ്മുടെ ജീവിതത്തിൽ വരുന്ന നന്മകൾ ദൈവം തരുന്നതും തിന്മ കൾ ദൈവം അനുവദിച്ച് പിശാച് തരുന്നതുമാണ്. കഷ്ടതയിലൂടെയോ അപമാനത്തിലൂടെയോ കടന്നുപോകുമ്പോൾ ഓർക്കുക: ദൈവം എല്ലാം കാണുന്നുണ്ട്, അറിയുന്നുണ്ട്. ഈ ചിന്ത നമ്മെ ധൈര്യപ്പെടുത്തും. സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ ഹിതമാണ് ഇവിടെ നിറവേറു ന്നത്. ശത്രുവായ പിശാചുപോലും ദൈവമുമ്പാകെ വിറയ്ക്കുന്നു.

കർമ്മേൽപർവ്വതത്തിൽ ബാലിനെ വെല്ലുവിളിച്ചു നിന്ന ഏലിയാ വിനെ തൊടാൻ ആർക്കുമായില്ല. പീഡ നിമിത്തം യെരൂശലേമിലെ സഭ ചിതറിപ്പോയെങ്കിലും യെരൂശലേമിൽ തന്നെ താമസിച്ച അപ്പൊസ്തല ന്മാരെ തൊടാൻ ആർക്കും കഴിഞ്ഞില്ല (അപ്പൊ.പ്രവൃ. 8:1). യാക്കോ ബിനെ വാളുകൊണ്ടു കൊന്നെങ്കിലും പത്രൊസിനെ അതുപോലെ കൊല്ലാൻ ശ്രമിച്ചവർ വിജയിച്ചില്ല (അപ്പൊ.പ്രവൃ.12).

നമ്മുടെ ജീവിതത്തിൽ എന്തു സംഭവിച്ചാലും അതിനു ഉത്തരവാദി ദൈവമാണ്. അതുകൊണ്ട് നാം സന്തോഷിക്കുക. പ്രയാസമുള്ള അനുഭ വത്തിലൂടെ കടന്നുപോകുമ്പോൾ പ്രാർത്ഥനയോടെ അതിനെ നേരിടുക. കർത്താവിന്റെ നിമിത്തം കൈവരുന്ന നഷ്ടങ്ങൾ ഓർത്ത് നാം വിഷമി ക്കേണ്ടതില്ല എന്നും അതിനുപകരം പല നന്മകൾ നമ്മെ തേടിയെത്തു മെന്നും കർത്താവ് തന്നെ പറഞ്ഞിട്ടുണ്ട് (മത്തായി 10:29-31).

### 2. ജാതികൾ തീക്ക് ഇരയാകുവാൻ അദ്ധ്വാനിക്കുന്നു

ഈ ഭൂമിയിൽ കെട്ടിപ്പൊക്കുന്ന സൗധങ്ങളെല്ലാം തീക്ക് ഇരയായിത്തീരും. ഈജിപ്തിൽ നൈൽനദീതീരത്ത് കെട്ടിപ്പൊക്കിയിരിക്കുന്ന ഫറവോന്മാരുടെ ശവകൂടീരങ്ങളായ പിരമിഡുകളെല്ലാം തീക്കു ഇരയായിത്തീരും. നർമ്മദാനദിയുടെ തീരത്ത് 3000 കോടി രൂപ ചെലവിൽ പണിതിരിക്കുന്ന 600 അടി ഉയരമുള്ള, ലോകത്തിലെ ഏറ്റവും വലിയ പ്രതിമയായ പട്ടേലിന്റെ പ്രതിമ തീക്കിരയായിത്തീരും. തലമുറകൾക്കുവേണ്ടിയും പേരിനും പെരുമയ്ക്കുംവേണ്ടിയും കെട്ടിപ്പൊക്കുന്ന സകലവും തീയുടെ ശക്തിയാൽ വെന്തുപോകും.

സൊദോം, ഗൊമോറയിൽ കെട്ടിപ്പൊക്കിയതെല്ലാം നശിപ്പിച്ചില്ലേ? കഷ്ടപ്പെട്ട് പണിതുണ്ടാക്കിയതെല്ലാം നശിച്ചുപോകുന്നത് വേദനയോടെ നോക്കിയ, ലോത്തിന്റെ ഭാര്യ ഉപ്പുതൂണായിത്തീർന്നു. നോഹയുടെ കാലത്തെ ജലപ്രളയത്തിൽ എന്തെല്ലാം നശിച്ചുപോയി! എത്ര പേരുടെ സ്വപ്നങ്ങളാണ് ആ ജലപ്രളയം തകർത്തെറിഞ്ഞത്! ദൈവത്തെ മറന്നുകൊണ്ടുള്ള അദ്ധ്വാനങ്ങളിൽ ഏർപ്പെട്ട് മുന്നോട്ടുപോകുന്നവർ തീക്കു ഇരയായിത്തീരാനുള്ള പ്രവർത്തനങ്ങളാണ് ഇതെല്ലാം എന്നോർത്ത് ദൈവത്തോട് അടുത്ത് ചെല്ലട്ടെ.

ഈ ഭൂമി തീയ്ക്കായി സൂക്ഷിച്ചിരിക്കയാണെന്നു ദൈവവചനം പറയുന്നു (2 പത്രൊസ് 3:7). ഇതിനുമാത്രം തീ എവിടെനിന്നു ഉണ്ടാകും എന്നു ചിലർ ചോദിക്കാറുണ്ട്. മണ്ടൻചോദ്യമാണിത്. വലിയ കാടു കത്തിക്കാൻ കാടിനോളം വലുപ്പത്തിൽ തീ ആവശ്യമില്ല. കുറഞ്ഞ തീ മതി (യാക്കോബ് 3:5). ഒരു തീപ്പെട്ടിക്കൊള്ളി ഉരസിയാൽ ലഭിക്കുന്ന കുഞ്ഞു തീകൊണ്ട് എന്തെല്ലാം കത്തിക്കാം? അല്ലെങ്കിൽത്തന്നെ ഭൂമിയുടെ അധോഭാഗത്തു സംഭരിച്ചുവച്ചിരിക്കുന്ന മാഗ്മ പുറത്തേക്കുവന്നാൽ അതിന്റെ പരിണിതഫലം ഓർത്തുനോക്കുക.

തീയുടെ മുകളിൽ (മാഗ്മയുടെ മുകളിൽ) ഏകദേശം 100 കിലോമീറ്റർ വരുന്ന ഫലകത്തിന്റെ മുകളിലാണ് നാം വസിക്കുന്നത്. നമ്മുടെ തലയ്ക്കു മുകളിൽ കാണുന്ന സൂര്യൻ ഉൾപ്പെടെയുള്ള നക്ഷത്രങ്ങളെല്ലാം തീഗോളങ്ങളാണ്. സമൃദ്ധമായ തീയിന്റെ നടുവിലാണ് നാം ജീവിക്കുന്നത് എന്നു സാരം. താഴെയും മുകളിലും തീക്കൂമ്പാരങ്ങളാണ്. താഴെ മാഗ്മ; മുകളിൽ തീഗോളങ്ങൾ! ഈ ഭൂമിയിൽ കെട്ടിപ്പൊക്കി, ഈ ഭൂമിയിൽത്തന്നെ ഒടുങ്ങിപ്പോകുന്ന സ്വപ്നങ്ങളേക്കാൾ ഉയരത്തിലുള്ളത് ചിന്തിക്കാനും സ്വർഗ്ഗത്തിൽ പ്രതിഫലം വർദ്ധിപ്പിക്കാനുമാണ് ദൈവജനം ശ്രദ്ധിക്കേണ്ടത്. തീക്കു ഇരയായിത്തീരുവാൻ അദ്ധ്വാനിക്കുന്ന ജാതികളുടെ കൂട്ടത്തിൽ നിന്നു നാം മാറിനിൽക്കുക.

**3. വംശങ്ങൾ വെറുതെ തളർന്നുപോകുന്നു**

വംശങ്ങളുടെ അദ്ധ്വാനം വെറുതെയാകും. മൊർദ്ദെഖായിയെ നശിപ്പിക്കാൻ ഹാമാൻ അദ്ധ്വാനിച്ചുവെങ്കിലും അത് വെറുതെയായിപ്പോയില്ലേ? ദൈവത്തെ മറന്നുകൊണ്ടുള്ള യാത്രകളും അദ്ധ്വാനങ്ങളും സ്വപ്നങ്ങളുമെല്ലാം വെറുതെയാണ്. ദൈവത്തെ കൂടാതെ കഠിനാദ്ധ്വാനം ചെയ്താൽ വെറുതെ തളർന്നുപോകയേയുള്ളൂ. ദൈവത്തിനു നമ്മുടെ ജീവിതത്തിൽ സ്ഥാനം കൊടുക്കൂ. ദൈവം അനുവദിക്കുന്ന കാര്യങ്ങൾക്കുവേണ്ടി സന്തോഷത്തോടെ കഠിനാദ്ധ്വാനം ചെയ്യുക.

**ഹബക്കൂക് 2:14**

*വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ മഹത്ത്വത്തിന്റെ പരിജ്ഞാനത്താൽ പൂർണ്ണമാകും.*

13-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് ദൈവജനത്തിനെതിരെ നിൽക്കുന്നവരെ ഉദ്ദേശിച്ചാണെങ്കിൽ, ഈ വാക്യം ദൈവജനത്തിനുവേണ്ടിയാണ്. ഇവിടം യഹോവയുടെ മഹത്വം കൊണ്ട് നിറയും. ജീവനുള്ള ദൈവത്തെ നിന്ദിച്ചുകൊണ്ടും നിഷേധിച്ചുകൊണ്ടും കുറെയാളുകൾ ഈ ഭൂമുഖത്ത് ജീവിക്കുന്നുണ്ടെങ്കിലും ദൈവത്തിന്റെ മഹത്ത്വത്തിന് മങ്ങലേൽപ്പിക്കുവാൻ അതുകൊണ്ടൊന്നും സാധ്യമല്ല. സൂര്യനെ ആരെങ്കിലും പുച്ഛിച്ചുതള്ളിയാൽ സൂര്യന്റെ ശോഭയ്ക്കോ കരുത്തിനോ എന്തെങ്കിലും കുറവ് വരുമോ?

യഹോവയുടെ മഹത്ത്വത്തിന്റെ പരിജ്ഞാനംകൊണ്ട് ഒരിക്കൽ ഈ ഭൂമി നിറയും. അതുകൊണ്ട് ആ പരിജ്ഞാനത്തോടെ നാം ഇന്ന് ജീവിക്കണം. അവിശ്വാസികൾക്ക് ആ മഹത്വം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ നമ്മുടെ കാര്യം അങ്ങനെയല്ലല്ലോ. നാം ദൈവത്തിന്റെ മഹത്വം മനസ്സിലാക്കിയവരാണ്. അതിനു തക്കവിധമാണ് നാം ജീവിക്കേണ്ടത്. വിശ്വാസികളായ നാം ആദ്യം ദൈവത്തെ അറിയേണ്ടതുപോലെ അറിയുക. അറിഞ്ഞതിന് ശേഷം അതിനൊത്തവിധം ജീവിക്കുക.

**(തുടരും)**

## പ്രതികരണങ്ങൾ അറിയിക്കുക

മാന്യവായനക്കാരുടെ പ്രതികരണങ്ങളെ ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു. ഞങ്ങളുടെ വായനക്കാർ ഈ മാസികയിലെ വിഭവങ്ങളെ എങ്ങനെ നോക്കിക്കാണുന്നുവെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നത് വായനക്കാരുടെ പ്രതികരണങ്ങളിൽ നിന്നാണ്. (എഡിറ്റർ)

36

# ചോദ്യവും ഉത്തരവും

-എംവിഎസ്-

? *സഹോദരിമാർ പ്രാർത്ഥിക്കുമ്പോൾ തല മൂടേണ്ടതുണ്ടോ? വിദേശത്തുള്ള മിക്ക സഭകളിലും നാട്ടിലെ ചില സഭകളിലും സഹോദരിമാർ പ്രാർത്ഥിക്കുമ്പോൾ തല മൂടാറില്ല. ഇതിനെക്കുറിച്ചു ബൈബിൾ എന്തു പറയുന്നു?*

**മറുപടി:**

സഹോദരിമാർ പ്രാർത്ഥിക്കുമ്പോൾ തലയിൽ മൂടുപടം ഇടുന്നതിനെക്കുറിച്ചു പറയുന്ന ഒരേയൊരു വേദഭാഗമേ പുതിയനിയമത്തിൽ ഉള്ളൂ. 1 കൊരിന്ത്യർ 11:1-16 വരെയുള്ള ഭാഗമാണത്. വേറെ സ്ഥലത്ത് ഇതിനെക്കുറിച്ച് പറയുന്നില്ല എന്നതുകൊണ്ട്, ഇവിടെ പറഞ്ഞിരിക്കുന്നതിന് അത്ര പ്രാധാന്യമില്ല എന്ന് ചിന്തിക്കേണ്ടതില്ല. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് സ്നാനം നടത്തേണ്ടത് എന്നു പറഞ്ഞിരിക്കുന്നത് ഒരേയൊരു വാക്യത്തിൽ മാത്രമാണല്ലോ (മത്തായി 28:19). എന്നു കരുതി നാം ആ വാക്യത്തെ അവഗണിക്കുന്നില്ലല്ലോ.

ഈ വേദഭാഗത്തു കാണുന്ന ചില വാക്യങ്ങളും ആ വാക്യങ്ങളിൽനിന്നു നമുക്ക് ലഭിക്കുന്ന ആശയങ്ങളും നോക്കാം.

| വാക്യം | ലഭിക്കുന്ന ആശയം |
|---|---|
| **മൂടുപടം ഇട്ടു പ്രാർത്ഥിക്കുകയോപ്രവചിക്കുകയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അപമാനിക്കുന്നു.** (വാക്യം 4) | പുരുഷൻ പ്രാർത്ഥിക്കുമ്പോൾ തല മൂടരുത്. |
| **മൂടുപടം ഇല്ലാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു. അത് അവൾ ക്ഷൗരം ചെയ്യിച്ചതു പോലെയല്ലോ** (വാക്യം 5) | സ്ത്രീ പ്രാർത്ഥിക്കുമ്പോൾ മൂടുപടം ഇട്ട് തല മൂടണം. ഇല്ലെങ്കിൽ സ്വന്തം തലയെ ക്ഷൗരം ചെയ്ത് അപമാനിക്കുന്നതുപോലെയുള്ള പ്രവർത്തിയാണ് അത്. |

**സ്ത്രീ മൂടുപടമിടുന്നില്ലെങ്കിൽ മുടി കത്രിച്ചുകളയട്ടെ. കത്രിക്കുന്നതോ ക്ഷൗരം ചെയ്യുന്നതോ സ്ത്രീക്ക് ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ** (വാക്യം 6)

പ്രാർത്ഥിക്കുമ്പോൾ മൂടുപടം ഇടാൻ തയ്യാറല്ലാത്ത സഹോദരിമാർ അവരുടെ മുടി വെട്ടിക്കളയുകയോ പറ്റെ ക്ഷൗരം ചെയ്യുകയോ ചെയ്യുക. അത് നാണക്കേടാണെങ്കിൽ തലയിൽ തുണിയിട്ട് പ്രാർത്ഥിക്കുക.

വളരെ ശക്തമായ നിലയിലാണ് മൂടുപടം ഇട്ടുപ്രാർത്ഥിക്കണം എന്ന ആശയം പൗലൊസ് ഇവിടെ പറയുന്നത്. തലയിൽ തുണിയിടാൻ താത്പര്യമില്ലെങ്കിൽ മുടി ക്ഷൗരം ചെയ്യട്ടെ എന്നു പറഞ്ഞിരിക്കുന്നത്, മുടി ക്ഷൗരം ചെയ്തവർക്ക് തലയിൽ തുണിയിടാതെ പ്രാർത്ഥിക്കാം എന്ന് പഠിപ്പിക്കാനല്ല. യൂണിഫോം ഇട്ടുവരാൻ തയ്യാറല്ലാത്തവർ ഒരു വസ്ത്രവും ധരിക്കാതെ വരട്ടെ എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം തുണിയില്ലാതെ വരുന്നവന് യൂണിഫോം ഇടാതെ ജോലിക്കുവരാം എന്നല്ല. അത്രയും പോലും യൂണിഫോം നിർബന്ധമാണ് എന്നാണ് അതിന്റെ അർത്ഥം.

അതുപോലെ സ്ത്രീക്ക് നാണക്കേടുള്ള രണ്ടു കാര്യം പൗലൊസ് പറയുന്നു. ഒന്ന്: മുടി കത്രിച്ചുകളയുക, രണ്ട്: തല ക്ഷൗരം ചെയ്യുക. ഇവ രണ്ടിനും സ്ത്രീ തയ്യാറല്ലെങ്കിൽ പ്രാർത്ഥിക്കുമ്പോൾ അവൾ തലയിൽ മൂടുപടം ഇടണം.

---

**നിങ്ങൾ തന്നെ വിധിപ്പിൻ; സ്ത്രീ മൂടുപടം ഇടാതെ ദൈവത്തോടു പ്രാർത്ഥിക്കുന്നത് യോഗ്യമോ?** (വാക്യം 13)

ഇതുവരെ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾ തന്നെ തീരുമാനിക്കുക: മൂടുപടമിടാതെ സഹോദരിമാർ പ്രാർത്ഥിക്കുന്നത് യോഗ്യമാണോ?

സ്വാഭാവികമായും ഈ ചോദ്യത്തിന് ഉത്തരമായി വരേണ്ടത് അല്ല, സഹോദരിമാർ മൂടുപടമില്ലാതെ പ്രാർത്ഥിക്കുന്നത് യോഗ്യമല്ല എന്നാണ്.

---

**സ്ത്രീ മുടി നീട്ടിയാലോ അതു മൂടുപടത്തിനു പകരം നൽകിയിരിക്കകൊണ്ട് അവൾക്ക് മാനം ആകുന്നുവെന്നും പ്രകൃതി തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ലയോ?** (വാക്യം 15)

മുടിയുള്ള സഹോദരിമാർ മൂടുപടം ഇടേണ്ടതില്ല എന്ന ആശയം ഇവിടെയില്ല. സ്ത്രീകൾ മുടി നീട്ടുന്നത് ലജ്ജയല്ല, മാനമാണ്. മുടി കത്രിക്കുന്നതാണ് ലജ്ജ. മുടി നീട്ടി വളർത്തിയിട്ടുള്ള സഹോദരിമാരോട് തന്നെയാണ്, മൂടുപടം ഇടാൻ 6–ാം

വാക്യത്തിൽ പറഞ്ഞിട്ടുള്ളത്. സ്ത്രീ മൂടുപടമിടുന്നില്ലെങ്കിൽ മുടി കത്രിച്ചുകളയട്ടെ എന്നു അവിടെ പറയുന്നുണ്ടല്ലോ. അതായത്, മുടി കത്രിച്ചുകളയാത്ത, മുടി നീട്ടിവളർത്തിയ സഹോദരിമാരോടു തന്നെയാണ് മൂടുപടം ധരിക്കേണ്ട കാര്യം പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് തലമുടി നീട്ടിവളർത്തിയാൽ മതി, പിന്നെ പ്രാർത്ഥിക്കുമ്പോൾ തല മൂടേണ്ടതില്ല എന്ന വാദം ശരിയല്ല.

---

**ഒരുത്തൻ തർക്കിപ്പാൻ ഭാവിച്ചാൽ അങ്ങനെയുള്ള മര്യാദ ഞങ്ങൾക്കില്ല, ദൈവസഭകൾക്കുമില്ല എന്ന് ഓർക്കട്ടെ** (വാക്യം 16)

സഹോദരിമാർ പ്രാർത്ഥിക്കുമ്പോൾ തലയിൽ തുണിയിടണോ എന്ന കാര്യത്തെക്കുറിച്ച് ഇനിയും തർക്കിക്കാൻ മുതിരുന്നവരോട് ഞങ്ങൾക്ക് ഒന്നും പറയാനില്ല എന്നാണ് പൗലൊസ് പറയുന്നത്.

ദൈവസഭകൾക്കുമില്ല എന്നു പൗലൊസ് ഇവിടെ പ്രത്യേകം പറയുന്നുണ്ട്. അതായത്, മൂടുപടമിടുന്ന വിഷയം കൊരിന്തുസഭയ്ക്ക് മാത്രമുള്ളതാണെന്നു ചിലർ വാദിച്ചുകേട്ടിട്ടുണ്ട്. അല്ല. ഈ പ്രമാണം എല്ലാ ദൈവസഭകൾക്കുമുള്ളതുമാണ്. അതുകൊണ്ടാണ് ഇതു സംബന്ധിച്ചു തർക്കത്തിന് ഇതിൽക്കൂടുതൽ മറുപടി പറയുവാൻ ആരും തയ്യാറാവുകയില്ല എന്ന സൂചന പൗലൊസ് ഇവിടെ നൽകുന്നത്.

---

**സംഗ്രഹം**

സഹോദരിമാർ പ്രാർത്ഥിക്കുമ്പോൾ തല മൂടണം. അതിനു തയ്യാറല്ലാത്തവർ മുടി കളയണം. അങ്ങനെ പറഞ്ഞിരിക്കുന്നത് മുടി കളയാൻ വേണ്ടിയല്ല. അത്രയ്ക്കും ഗൗരവം തലയിൽ മൂടുപടം ഇടേണ്ടതിന് ഉണ്ട് എന്നു കാണിക്കാൻ വേണ്ടിയാണ്. ഇതു സംബന്ധിച്ച് കൂടുതൽ തർക്കത്തിന് പൊലോസോ മറ്റു സഭകളോ തയ്യാറല്ല എന്നു പറഞ്ഞതുകൊണ്ട്, ഇതു സംബന്ധിച്ച കൂടുതൽ തർക്കങ്ങൾ ദൈവവചനം പ്രോത്സാഹിപ്പിക്കുന്നില്ല എന്നു മനസ്സിലാക്കാം. സ്ത്രീ മൂടപടമിടണം എന്നു വ്യക്തമായി താൻ എഴുതിയിരിക്കെ പിന്നെന്തിന് കൂടുതൽ തർക്കം എന്നാണ് അപ്പൊസ്തലൻ ചോദിക്കുന്നത്.

വേശ്യമാരാണ് തല മൂടുന്നത് എന്ന് ഉല്പത്തി 38:15 അടിസ്ഥാനമാക്കി ചിലർ വാദിക്കാറുണ്ട്. അവിടെ താമാർ മുഖം മൂടിയ കാര്യം പറയുന്നുണ്ട്. അത് ആളെ തിരിച്ചറിയാതിരിക്കാൻ വേണ്ടിയായിരുന്നു. ഇവിടെ മുഖം മൂടുന്ന കാര്യമല്ല, തല മാത്രം മൂടുന്ന കാര്യമാണ് നാം ചർച്ച ചെയ്യുന്നത്.

എംവിഎസ്

# ഹൈവേ നേർക്കുലർ

22

## സാറും മാഡവും ഇനി വേണ്ട!

സ്കൂളുകളിൽ ഇനി ടീച്ചർ എന്നു മാത്രം അദ്ധ്യാപകരെ അഭിസം ബോധന ചെയ്താൽ മതിയെന്നു നമ്മുടെ ബാലാവകാശ കമ്മീഷൻ ഉത്ത രവിട്ടിരിക്കുന്നു. സർ എന്നോ മാഡം എന്നോ വിളിക്കേണ്ടതില്ല. ലിംഗസ മത്വം ഉറപ്പിക്കാനാണ് ഇങ്ങനെയൊരു തീരുമാനം. വെരി ഗുഡ്, ബാലാവ കാശ കമ്മീഷൻ! ഈ തീരുമാനം എടുത്തതോടെ നമ്മുടെ കുട്ടികൾ അനുഭവിക്കുന്ന വലിയൊരു പ്രശ്നത്തിനാണ് നിങ്ങൾ പരിഹാരം കണ്ടെ ത്തിയിരിക്കുന്നത്. കാരണം പഠിപ്പിക്കുന്നയാളുകളെ സാർ എന്നോ മാഡം എന്നോ വിളിക്കുന്നതായിരുന്നുവല്ലോ നമ്മുടെ കുട്ടികൾ അനുഭവി ക്കുന്നുണ്ടായിരുന്ന പ്രധാന പ്രശ്നം. ഈ വിളിയെല്ലാം മാറ്റി, സുജാത ടീച്ചർ, ജോർജ്ജ്ടീച്ചർ എന്നൊക്കെ വിളിക്കുന്നതിലൂടെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുകയും അദ്ധ്യാപകരോടുള്ള ബഹുമാനം വർദ്ധിക്കു കയും ഒക്കെ ചെയ്യുമായിരിക്കും.

വിദ്യാർത്ഥികൾ ഫോൺ ഉപയോഗിച്ചാൽ ആകാശം ഇടിഞ്ഞുവീഴില്ല ന്നാണ് ബാലാവകാശ കമ്മീഷന്റെ അടുത്ത കോമഡി. ഫോൺ ദുരുപ യോഗത്തിൽനിന്നും കുട്ടികളെ രക്ഷിക്കുവാൻ ശാസ്ത്രീയമായ സമീപന മാണ് വേണ്ടതത്രേ! എന്താണാവോ ഈ ശാസ്ത്രീയമായ സമീപനം? ബോധവത്കരണമായിരിക്കും കമ്മീഷൻ ഉദ്ദേശിച്ചത്. മദ്യശാലകൾ കൂടു തൽ തുറന്നു പ്രവർത്തിക്കുക, പക്ഷേ മദ്യം കുടിക്കാതിരിക്കാൻ ബോധവ ത്കരണം നടത്തുക എന്ന സർക്കാർനയം തന്നെയാണ് ബാലാവകാശ കമ്മീഷനും പിന്തുടരുന്നതെന്നു തോന്നുന്നു.

കുട്ടികൾക്ക് ഫോൺ സ്കൂളിൽ കൊണ്ടുവരേണ്ട സാഹചര്യമുണ്ടെ ങ്കിൽ അത് ഓഫ് ചെയ്ത് സൂക്ഷിക്കാനുള്ള സൗകര്യം സ്കൂൾ അധികൃ തർ ഒരുക്കണമെന്നും നിർദ്ദേശമുണ്ട്. ഛേ! അത് മോശമായിപ്പോയി! ഫോൺ എന്തിനാ കുട്ടികൾ ഓഫ് ചെയ്യുന്നത്? അവർ അത് ഓൺ ചെയ്തു തന്നെ സൂക്ഷിക്കട്ടെ. ഇടയ്ക്കിടെ ഫോൺ നോക്കാതിരിക്കാ നായി ശാസ്ത്രീയമായ സമീപനമാണ് വേണ്ടത്. കുട്ടികൾ ഫോൺ ഓണാക്കി വച്ചാൽ ആകാശം ഇടിഞ്ഞുവീഴുമോ? അവർ അപ്പുറത്തിരി ക്കുന്ന പെൺകുട്ടിയുടെ ഫോട്ടോ അതിലെടുക്കാതിരിക്കാനായി ശാസ്ത്രീ യമായ സമീപനം സ്വീകരിച്ചുകൂടെ?

ഇനി ലിംഗസമത്വത്തിന്റെ കാര്യം. അച്ഛൻ, അമ്മ എന്നീ വിളികൾ മാറ്റി ലിംഗസമത്വം വരുത്തേണ്ടേ? ചേട്ടൻ, ചേച്ചി എന്നീ വിളികളും ലിംഗസമത്വം എന്ന ആശയത്തിന് എതിരാണ്. ലൈംഗികാവയവങ്ങളുടെ പേരുകളും മാറ്റണം. കാരണം അത് കേട്ടാലുടനെ ആണാണോ പെണ്ണാണോ എന്നു മനസ്സിലാകും. അത് പാടില്ല. സമൂഹം അനുഭവിക്കുന്ന വലിയ പ്രശ്നങ്ങൾക്കൊക്കെയുള്ള പരിഹാരമാണ് ലിംഗസമത്വം. മണിപ്പൂരിലെ കലാപം, മദ്യപാനത്തിന്റെയും ലഹരിയുടെയും ഉപയോഗം, അശ്ലീലവീഡിയോകളുടെ ആസ്വാദനം, കൊലപാതകങ്ങൾ എന്നീ വിപത്തുകളെല്ലാം ലിംഗസമത്വത്തിലൂടെ മാറും.

സിനിമാപാട്ടുകളുടെ ചിത്രീകരണത്തിൽ ലിംഗസമത്വം ഉറപ്പാക്കണം എന്നൊരു അപേക്ഷയുണ്ട്. ഡാൻസ്രംഗത്ത് നായകൻ മുഴുവനായി വസ്ത്രം ധരിച്ചും നായിക അത്യാവശ്യമൊക്കെ കാണിച്ചുമാണ് പ്രത്യക്ഷപ്പെടുന്നത്. ഒന്നുകിൽ രണ്ടുപേരും അടിവസ്ത്രങ്ങൾ മാത്രം ധരിച്ച് നൃത്തം ചെയ്യുക. അല്ലെങ്കിൽ രണ്ടുപേരും മുഴുവൻ വസ്ത്രങ്ങളും ധരിച്ച് നൃത്തം ചെയ്യട്ടെ. അപ്പോഴല്ലേ ലിംഗസമത്വം ആവുകയുള്ളൂ. നായകൻ, നായിക എന്നീ രണ്ടു പദങ്ങൾ ഉപയോഗിച്ചുകൊണ്ട് ലിംഗസമത്വം എന്ന ആശയം ഞാൻ ഇവിടെ തെറ്റിച്ചുപോയി. സോറി. പകരം എന്താ പറയുക എന്നറിയാത്തതുകൊണ്ടാണ്.

ഭാര്യ, ഭർത്താവ് എന്നീ പദങ്ങൾ മാറ്റണം. പകരം എന്താ ഉപയോഗിക്കുക? മകൻ, മകൾ എന്നീ പദങ്ങളും മാറ്റണം. ബാലാവകാശ കമ്മീഷൻ തന്നെ ശരണം. കാരണം പ്രശ്നങ്ങൾക്കുള്ള പരിഹാരം ആ കമ്മീഷന്റെ കയ്യിലുണ്ട്. കുട്ടികളുടെ ഫോൺ ദുരുപയോഗം ചെയ്യുന്നത് തടയാൻ വളരെ ഫലപ്രദമായ മാർഗ്ഗം കമ്മീഷൻ പറഞ്ഞതു കേട്ടില്ലേ? നിങ്ങളത് മറന്നുവോ? എന്നാൽ ഞാൻ ഒന്നുകൂടി ഓർമ്മിപ്പിക്കാം – ശാസ്ത്രീയമായ സമീപനം! അശ്ലീലവീഡിയോകൾ അപ്ലോഡ് ചെയ്യുന്നത് തടയാൻ ശ്രമിക്കരുത്; കുട്ടികൾ അത് കാണാതിരിക്കാൻ ശാസ്ത്രീയമായ സമീപനം സ്വീകരിച്ചാൽ മതി.

കുട്ടികളുടെ ക്ഷേമത്തിനായി ബാലാവകാശ കമ്മീഷൻ പല നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നുള്ള കാര്യം ഇവിടെ മറക്കുന്നില്ല. എങ്കിലും കുട്ടികളെ കയറൂരി വിടുന്ന തരത്തിലൂള്ള നിയമങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കാതിരിക്കുകയാണ് നല്ലത്. ടീച്ചർ എന്ന വിളിയിലൂടെ ലിംഗസമത്വം ഉറപ്പാക്കുക എന്നിങ്ങനെയുള്ള ആശയങ്ങൾകൊണ്ട് നമ്മുടെ കുട്ടികൾക്ക് എന്തു പ്രയോജനമാണുള്ളത്? ശരീരത്തിലുള്ള ലിംഗവ്യത്യാസം നിലനിൽക്കുന്നിടത്തോളം വാക്കുകൾകൊണ്ടുള്ള ലിംഗസമത്വത്തിന് എന്തു പ്രസക്തി?

# നടൻ

ചെറുകഥ

**-എംവിഎസ്-**

ബാറിലെ അരണ്ടവെളിച്ചത്തിൽ മേശെക്കുചുറ്റുമായി അവർ ഇരുന്നു. പുതുതായി ഇറങ്ങിയ രജനിപടത്തിലെ മോഹൻലാലിന്റെ അതിഥി വേഷത്തെക്കുറിച്ചായിരുന്നു അവരുടെ ചർച്ച.

കുറച്ചുകഴിഞ്ഞപ്പോൾ, സൗദിക്ലബ്ബിലേക്കുള്ള നെയ്മറിന്റെ ട്രാൻസഫറിനെക്കുറിച്ചായി ചർച്ച. മദ്യവും ടച്ചിംഗ്സും ചേർത്തുകൊണ്ടുള്ള ആ ചർച്ച ദാവീദിനു വലിയ ഹരമായി തോന്നി. കാരണം ദാവീദ് കടുത്ത നെയ്മർ ഫാനായിരുന്നു.

ഈ ഹോസ്റ്റൽജീവിതം എത്ര സുന്ദരം! ഇടയ്ക്കിടെ ബാറിൽ പോകാം. വാർഡൻ ഒരു മെരുക്കമില്ലാത്ത ആളായിപ്പോയി. അല്ലെങ്കിൽ ഇങ്ങനെ ബാറിൽ പോകേണ്ട കാര്യമില്ലായിരുന്നു. അയാൾക്കെന്തെങ്കിലും ഒരു പണി കൊടുക്കണമെന്ന് എല്ലാവരും പറയാറുണ്ട്.

മദ്യം നുണഞ്ഞുള്ള ചർച്ചകളുടെ ഇടയ്ക്ക് പെട്ടെന്നൊരു ട്വിസ്റ്റ്.

''ആരാടാ നെനയ്ക്ക് ദാവീദ് എന്നു പേരിട്ടത്? ഈ കാലത്ത് ആരെങ്കിലും ഈ വക പേരിടോ?"

അമലാണ് ഈ ചോദ്യം ചോദിച്ചത്. എല്ലാവരും നല്ല മൂഡിൽ ഇരിക്കുമ്പോൾ ആരെയെങ്കിലും ചൊറിയുന്ന സ്വഭാവം അവന് പണ്ടേ ഉള്ളതാണ്.

ദാവീദ് ചിരിച്ചു. ആരാണ് ഈ പേരിട്ടത് എന്ന്! ദാവീദിന് പറയണമെന്നുണ്ടായിരുന്നു - എന്റെ അപ്പാപ്പൻ... എന്റെ അപ്പാപ്പനാ ഈ പേര് എനിക്കിട്ടത്.

പക്ഷേ ദാവീദ് പറഞ്ഞില്ല. എങ്കിലും നാല് വർഷങ്ങൾക്ക് മുമ്പ് മരിച്ച അപ്പാപ്പന്റെ മുഖം അവന്റെ മനസ്സിൽ തെളിഞ്ഞു.

മുടി പറ്റെ വെട്ടി, ക്ലീൻഷേവ്, വെള്ളമുണ്ടും ഷർട്ടും, കയ്യിൽ ഒരു ബൈബിൾ...

സുവിശേഷകനായ ബെഞ്ചമിൻ, ബെഞ്ചമിൻഅപ്പച്ചൻ എന്നു വിളിക്കുന്നവരും ബെഞ്ചമിൻബ്രദർ എന്നു വിളിക്കുന്നവരുമുണ്ടായിരുന്നു.

"അനേകരോട് സുവിശേഷം പറഞ്ഞ്, ദൈവസഭയ്ക്കുവേണ്ടി അഹോരാത്രം പണിപ്പെട്ട്, ഇതാ പ്രിയ പിതാവ് ഇപ്പോൾ വിശ്രമിക്കുന്നു...."

അപ്പാപ്പന്റെ സംസ്കാരശുശ്രൂഷയിൽ ഒരാൾ അനുസ്മരിച്ചത് ഇങ്ങനെയായിരുന്നു. ആ അപ്പാപ്പന്റെ കൊച്ചുമകനാണ് താനെന്ന ചിന്ത ദാവീദിനെ ഒന്നു അടിമുടി ഉലച്ചു.

''ഇന്ന് സങ്കീർത്തനം വായിച്ച് പ്രബോധിപ്പിക്കുന്നത് ബ്രദർ ദാവീദ് ആണ്.'' ഇടയ്ക്ക് നാട്ടിൽ ചെല്ലുമ്പോൾ സഭായോഗത്തിൽ മൂപ്പൻ പറയുന്ന ഡയലോഗ് ആണിത്.

നാട്ടിൽ ചെന്നാൽ താൻ ഭക്തനും ബ്രദറും ആണെന്ന കാര്യം ദാവീദ് ഓർത്തു. ഹോസ്റ്റലിൽ എത്തിയാൽ ഇങ്ങനെയും! നാടോടുമ്പോൾ നടുവെ ഓടണമെന്ന് അവൻ സ്വയം ആശ്വസിച്ചു.

"ദാവീദ് എന്താ ചിന്തിച്ചിരിക്കുന്നത്?" രവിമേനോന്റെ ശബ്ദം ദാവീദിനെ ഉണർത്തി.

"ഒന്നുമില്ല"

മൊബൈൽ ശബ്ദിച്ചു. ദാവീദിന്റെ കണ്ണുകളിൽ ഭയം... പപ്പയാണ്.

"വേഗം പോകാം" എന്നു പറഞ്ഞ് ദാവീദ് ബാറിൽനിന്ന് എഴുന്നേറ്റു പുറത്തേക്ക് കടന്നു.

വീണ്ടും മൊബൈൽ ശബ്ദിച്ചു.

"ഹായ് പപ്പാ, ഞാൻ സോപ്പും മറ്റു ചില സാധനങ്ങളും വാങ്ങിക്കാൻ പുറത്തേക്ക് വന്നിരിക്കയാണ്. എന്താ പപ്പാ വിളിച്ചത്?"

"പഠനമൊക്കെ നന്നായി നടക്കുന്നില്ലേ... തെറ്റായ കൂട്ടുകെട്ടിൽ അകപ്പെടാതെ നോക്കണം... എന്നും എഴുന്നേറ്റ് ബൈബിൾ വായിക്കണം, പ്രാർത്ഥിക്കണം, മറക്കരുത്...."

പതിവ് ഉപദേശങ്ങൾ...

"പിന്നെ, ഈ ശനിയാഴ്ച നീ വീട്ടിൽ വരുമല്ലോ. അപ്പൊ ഞായറാഴ്ച സങ്കീർത്തനം നീ വായിക്കണം, കേട്ടോ?"

"അതു വേണോ പപ്പാ?"

"വേണം, വേണം, കൊച്ചുമേരിസഹോദരി എപ്പോഴും പറയും, ദാവീദിന്റെ സങ്കീർത്തനവായനയും പ്രബോധനവും സൂപ്പറാണെന്ന്"

ദാവീദിന്റെ ഉള്ളിൽ സുഖകരമായ ഒരു മഞ്ഞുവീഴ്ചയുടെ അനുഭവം. പെട്ടെന്നത് നീറ്റലായി മാറി. മദ്യത്തിന്റെ ഗന്ധം ഫോണിലൂടെ പപ്പായക്ക് കിട്ടാത്തത് ഭാഗ്യം.

ചെറുപ്പം മുതലേ ബൈബിളും പ്രാർത്ഥനയും സൺഡേസ്കൂളും കൺവൻഷനും...

എന്നിട്ടും ഞാൻ എന്തേ ഇങ്ങനെയായിപ്പോയത്? ദാവീദിന്റെ ഉള്ളിൽ തീ കത്താൻ തുടങ്ങി.

കൂട്ടുകാരും മൊബൈലും തന്റെ ജീവിതത്തെ മാറ്റിമറിച്ചത് ദാവീദ് തിരിച്ചറിയുന്നുണ്ടായിരുന്നു.

സനഫാത്തിമയുമായുള്ള പ്രേമവും അവനുണ്ടായിരുന്നു. നല്ല മൊഞ്ചുള്ള പെണ്ണ്! കൂടെ പഠിക്കുന്നതാണ്. മുത്തുറസൂലിനെക്കുറിച്ചു പറയുമ്പോൾ അവൾക്ക് വലിയ ആവേശമാണ്. ഇസ്ലാമിന്റെ കറ കളഞ്ഞ ഭക്തയാണവൾ!

"ഇങ്ങളെ എനിക്ക് പെരുത്ത് ഇഷ്ടാണ്... നിക്കാഹിന് തയ്യാറാണെങ്കിൽ പ്രേമം തുടരാം. ഇങ്ങള് സുന്നത്ത് നടത്തി ഇസ്ലാമാകണം... ഇല്ലെങ്കി ബാപ്പാ സമ്മതിക്കൂലാ.. നല്ലൊരു പേരും വേണം. മുഹമ്മദ് അനസ്, മുഹമ്മദ് നവാഫ് എന്നിങ്ങനെ... "

ഇതും പറഞ്ഞ് തേനൂറുന്ന പുഞ്ചിരിയോടെ അവൾ അവനെ നോക്കി.

"പിന്നെ അറബി പഠിക്കണം. നിസ്കരിക്കണം...."

സുന്ദരിയാണവൾ... അവളുടെ പുഞ്ചിരിയുടെ ഭംഗി... ആ മൊഞ്ചുള്ള സംസാരം...

പേര് മാറ്റാം, അറബി പഠിക്കാം, നിസ്കരിക്കാം... ഒക്കെ ശരി. പക്ഷേ സുന്നത്ത്... ആ കാര്യം ചിന്തിക്കുമ്പോൾ അവന്റെ അടിവയറിനു താഴെ തീപ്പന്തംകൊണ്ട് ഒരു കുത്ത് കിട്ടിയതുപോലെ അവന് തോന്നി.

ഇഞ്ചക്ഷൻ വരെ പേടിയാണ് അവന്... ഇഞ്ചക്ഷൻ ചെയ്യാനായി വന്ന നഴ്സ് ഇവന്റെ മുഖത്തെ ഭാവാഭിനയം കണ്ട്, "മോനേ, കൊല്ലാനല്ല ഞാൻ വന്നിരിക്കുന്നത്" എന്നു പറയുകയുണ്ടായി. അങ്ങനെയുള്ള അവന് സുന്നത്ത് എന്നു കേൾക്കുമ്പോഴേക്കും ദേഹത്ത് മൊത്തം തീ പടരുന്ന പോലെ...

ഠഠഠ ഠഠഠ ഠഠഠ ഠഠഠഠ

ഞായറാഴ്ചയിലെ സഭായോഗം...

പാട്ടുകൾ, സ്തുതിസ്തോത്രങ്ങൾ...

"ബ്രദർ ദാവീദ് ഇപ്പോൾ സങ്കീർത്തനത്തിൽ നിന്നു പ്രബോധിപ്പിക്കുന്നതാണ്..."

മൂപ്പൻ ഇങ്ങനെ പറഞ്ഞപ്പോൾ ദാവീദ് എഴുന്നേറ്റു.

"നമുക്ക് 103-ാം സങ്കീർത്തനം വാക്യംപ്രതിവാക്യമായി വായിക്കാം" എന്നു പറഞ്ഞുകൊണ്ട് വായിക്കാനാരംഭിച്ചു.

അതു കഴിഞ്ഞ് അതിൽനിന്ന് ചില കാര്യങ്ങൾ സംസാരിച്ചു. എല്ലാവരും വളരെ ശ്രദ്ധിച്ചുകേൾക്കുന്നുണ്ടായിരുന്നു. എല്ലാവർക്കും ഇഷ്ടമാണ് ദാവീദിന്റെ പ്രബോധനം.

പുതിയ പുതിയ ആലോചനകൾ ദാവീദ് പറയും. വളരെ ആവേശത്തോടെയാണ് ചിന്തകൾ പങ്കുവയ്ക്കുക. ചിലപ്പോൾ വികാരഭരിതനാവുകയും ചിലപ്പോൾ ആവേശത്തോടെ ഹാലേലൂയ പറയുകയും ചെയ്യും.

പ്രബോധനം പൂർത്തിയാക്കി ദാവീദ് ഇരുന്നു. തൊട്ടടുത്തിരുന്ന ജോർജ്ജ്ച്ചായൻ കൈ കൊടുത്ത് "പ്രെയ്സ ദ ലോഡ്" പറഞ്ഞു.

യോഗം കഴിഞ്ഞപ്പോൾ സമപ്രായക്കാരനായ ജോണി ചോദിച്ചു. "ദാവീദേ എങ്ങനെ ഇങ്ങനെയൊക്കെ പറയാൻ കഴിയുന്നു! ദാവീദിനെ കണ്ടുപഠിക്കാനാ എന്റെ മമ്മി പറയുന്നത്. ഇതുപോലെ വചനം പറയാൻ എന്നെക്കൂടി ഒന്നു പഠിപ്പിക്കാമോ?"

"ഓ...അത് ഉള്ളിൽനിന്ന് വരുന്നതാണ്. പ്രാർത്ഥനയോടുകൂടി വചനം ധ്യാനിക്കുമ്പോൾ അതെല്ലാം കഴിയും" ദാവീദ് വിനയത്തോടെ പറഞ്ഞു.

ജോണി അതിശയത്തോടെ അവനെ നോക്കി നിന്നു.

വീട്ടിലേക്ക് മടങ്ങുമ്പോൾ ദാവീദ് ഓർത്തു. ഗൂഗിളിൽ സെർച്ച് ചെയ്ത് കിട്ടുന്ന ആലോചനകളിൽനിന്ന് കോപ്പിയടിച്ചാണ് ഞാൻ പറയുന്നതെന്ന് ആർക്കുമറിയില്ല. കോളേജിൽ ചെന്നാൽ സനഫാത്തിമയും പ്രണയവും, പിന്നെ മദ്യവും ടച്ചിംഗ്സും... വീട്ടിൽ വന്നാൽ ഭക്തൻ... ബ്രദർ ദാവീദ്! അവൻ സ്വയം വിളിച്ചു: നടൻ! മികച്ച നടൻ!

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th September 2023

Posted at
Thrissur RMS

**ആനുകാലികം**

## റ്റാറ്റൂ

ഇപ്പോഴത്തെ യുവാക്കളുടെയും യുവതികളുടെയും ഇടയിൽ വലിയ ആവേശത്തോടെ നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ് സ്വന്തം ശരീരത്തിൽ റ്റാറ്റൂ പതിപ്പിക്കുന്നത്. അതിന് നിരവധി റ്റാറ്റൂ സെന്ററുകൾ കൂണുപോലെ മുളച്ചുപൊന്തിയിട്ടുമുണ്ട്. റ്റാറ്റൂകേന്ദ്രത്തിൽ റ്റാറ്റൂ പതിപ്പിക്കാനായി യുവതികൾ ധാരാളമായി എത്തുന്നു. ശരീരത്തിലെ ഏതു ഭാഗത്താണ് റ്റാറ്റൂ പതിപ്പിക്കേണ്ടത് എന്നു അവർ പറയും; അതിനനുസരിച്ച് ആ ഭാഗത്ത് റ്റാറ്റൂ പതിപ്പിച്ചുകൊടുക്കും.

ഇതിന്റെ വീഡിയോകൾ പ്രചരിക്കുന്നുണ്ട്. റ്റാറ്റൂ പതിപ്പിക്കാനായി സ്ത്രീകൾ അവരുടെ ശരീരത്തിൽ കാണിച്ചുകൊടുക്കുന്ന ഭാഗങ്ങൾ ഏതെല്ലാമെന്ന് ഇവിടെ എഴുതാനുള്ള തൊലിക്കട്ടി എനിക്കില്ല. റ്റാറ്റൂകേന്ദ്രത്തിലെ ആണുങ്ങളുടെ മുന്നിൽ തുണിമാറ്റി നിന്നുകൊടുക്കാനും കിടന്നുകൊടുക്കാനും ഇപ്പോഴത്തെ യുവതികൾക്ക് യാതൊരു മടിയുമില്ല. റ്റാറ്റൂ കേന്ദ്രത്തിലെ ചെറുക്കൻ പീഡിപ്പിച്ചുവെന്നും പറഞ്ഞ് കേരളത്തിൽ ഈയിടെ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. കുറുക്കന്റെ മുമ്പിൽ മന:പൂർവ്വം ചെന്നു നിന്നുകൊടുത്തതിനുശേഷം ഒരു കോഴി ഇങ്ങനെ പരാതി പറയുന്നതിൽ എന്തർത്ഥമാണുള്ളത്? തീയുടെ മുമ്പിൽ പടക്കശേഖരം കൊണ്ടുപോയി വച്ചിട്ട് അതിൽ ചിലത് പൊട്ടിത്തെറിച്ചു എന്നു പറയുന്നതിൽ എന്തു ഔചിത്യമാണുള്ളത്?

പണ്ട് അടിമകൾക്ക് അവരുടെ ശരീരത്തിൽ അടയാളം പതിപ്പിക്കുന്ന രീതിയുണ്ടായിരുന്നു. ആ രീതിയുടെ പുതിയ പതിപ്പാണ് ഈ റ്റാറ്റൂ എന്ന് ഈ അന്തംറ്റാറ്റൂക്കാർ അറിയുന്നുണ്ടോ, ആവോ!

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V